# പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1718      04.12.15-ൽ മറുപടിക്ക്.

### ഗ്രാമസഭകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പുതിയ പഞ്ചായത്തു സമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ ഗ്രാമ സഭകൾ ഫലപ്രദവും പങ്കാളിത്തമുള്ളവയുമാക്കി തീർക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ഗ്രാമസഭകൾ ഫലപ്രദവും പങ്കാളിത്ത മുള്ളവയുമാക്കി തീർക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ സേവാഗ്രാം എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അയൽസഭ/വാർഡ് വികസന സമിതികളെ ശക്തിപ്പെടുത്തുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവി ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകളുടെ വിശദാംശം ഉത്തരവുകൾ സഹിതം ലഭ്യമാക്കുമോ? | (ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതും, യോഗം ചേരുന്ന വിവരം ഒരു പൊതു നോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് |

അംഗത്തെയും ജില്ലാപഞ്ചായത്ത് അംഗത്തെയും നിയമസഭാംഗത്തെയും നിർബന്ധമായും (ഗ്രാമസഭയുടെ കൺവീനർ) ക്ഷണിക്കേണ്ടതുമാണ്. എന്നാൽ, ഏതെങ്കിലും ഗ്രാമസഭയിലെ പത്ത് ശതമാനത്തിൽ കുറയാതെയുള്ള അംഗങ്ങൾ

രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യത്തോടൊപ്പം നൽകിയിട്ടുള്ള കാര്യപരിപാടിയോടുകൂടി ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം കൺവീനർ പതിനഞ്ചു ദിവസത്തിനകം വിളിച്ചു കൂട്ടേണ്ടതാണ്. എന്നിരുന്നാലും അപ്രകാരമുള്ള പ്രത്യേക യോഗം വിളിച്ചുകൂട്ടുന്നത് രണ്ട് സാധാരണ യോഗങ്ങൾക്കിടയുലുള്ള കാലയളവിൽ ഒരിക്കൽ മാത്രം ആയിരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ